പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1640

18.06.2012-ൽ മറുപടിക്ക്

## മുനമ്പം അഴിമുഖത്തെ മണൽത്തിട്ട

ചോദ്യം | മറുപടി

| | ശ്രീ. എസ്. ശർമ്മ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈപ്പിൻ മണ്ഡലത്തിലെ മുനമ്പം അഴിമുഖത്തെ മണൽത്തിട്ട നീക്കം ചെയ്യുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ; | (എ) | മുനമ്പത്ത് മണൽത്തിട്ടയുണ്ടാകുന്നത് ശാശ്വതമായി പരിഹരിക്കുന്നതിനുള്ള ശാസ്ത്രീയ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേന്ദ്രസർക്കാർ സ്ഥാപനമായ പൂനയിലെ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ **(CWPRS)** എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. **50%** കേന്ദ്ര സഹായ പദ്ധതിയിലുൾപ്പെടുത്തി മുനമ്പത്തെ ഡ്രെഡ്ജിംഗിനുവേണ്ടി **112** ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിനു നൽകുകയും കേന്ദ്ര സർക്കാരിൽ നിന്നും ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. 01.06.2012-ൽ കൂടിയ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗം ഈ പദ്ധതിക്ക് ഭരണാനുമതി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | മണൽത്തിട്ട നീക്കം ചെയ്യുന്ന പ്രവൃത്തി എന്ന് ആരംഭിക്കുവാൻ കഴിയുമെന്നും പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദമാക്കാമോ ? | (ബി) | ദർഘാസ് ക്ഷണിച്ച് കാലവർഷത്തിനുശേഷം പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ